പരാതി സമർപ്പിച്ചിരുന്നു. ടിപ്പർ ലോറിയിൽ ചരക്കിറക്കുന്നതു സംബന്ധിച്ച് പൊതുവായ പരാതി തീരുമാനമെടുക്കുന്നതിന് കളക്ടറുടെ മുൻപാകെയുണ്ട്. ഇക്കാര്യം ബന്ധപ്പെട്ട സംഘടനകളുമായി ചർച്ചയിലിരിക്കയാണ്.'

## വെസ്റ്റേൺ ഇന്ത്യാ കോട്ടൺസ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

54 [2826] **ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വെസ്റ്റേൺ ഇന്ത്യാ കോട്ടൺസ് പൂട്ടിയിട്ട് എത്ര നാളായി എന്നറിയിക്കാമോ; പ്രസ്തുത ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര തൊഴിലാളികളാണ് പ്രസ്തുത ഫാക്ടറിയിൽ ജോലി ചെയ്തിരുന്നത്;

(ഡി) സ്ഥാപനം പൂട്ടിയതിനുശേഷം എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ തൊഴിലാളികൾക്ക് നൽകിയത്?

### ഉത്തരം

(എ) കണ്ണൂരിലെ വെസ്റ്റേൺ ഇന്ത്യാ കോട്ടൺസിലെ വീവിംഗ് വിഭാഗം 17-10-2003-മുതലും സ്പിന്നിംഗ് വിഭാഗം 24-10-2003 മുതലും മില്ല് പൂർണ്ണമായും 15-11-2003 മുതലും പ്രവർത്തനം നിലച്ചിരിക്കുകയാണ്. പൂട്ടിയതല്ല. 16 മാസത്തോളമായി അടഞ്ഞുകിടക്കുകയാണ്. എന്നാൽ നിയമപ്രകാരം ഈ സ്ഥാപനം വീണ്ടും പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് ഇടപെട്ട് റീജ്യണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിലും പിന്നീട് ലേബർ കമ്മീഷണർ തലത്തിലും നിരവധി തവണ ചർച്ചകൾ നടത്തി എങ്കിലും തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായില്ല. അതിനുശേഷം 12-2-04, 28-2-04, 21-4-04, '11-6-04, 6-7-04, 7-7-04, 30-11-04 എന്നീ തീയതികളിൽ എന്റെ സാന്നിദ്ധ്യത്തിൽ തന്നെ ബന്ധപ്പെട്ട കക്ഷികളുടെ അനുരഞ്ജന യോഗങ്ങൾ നടത്തുകയുണ്ടായി. ഇതിൽ 7-7-04-ന് ചേർന്ന യോഗത്തിൽ അന്നത്തെ വനം വകുപ്പുമന്ത്രി ശ്രീ. കെ. സുധാകരനും 12-2-04, 21-4-04, 6-7-04 എന്നീ തീയതികളിലെ യോഗങ്ങളിൽ ശ്രീ. ടി. കെ. ബാലൻ എം.എൽ.എ.-യും പങ്കെടുത്തിരുന്നു. ഏറ്റവും ഒടുവിലായി 28-2-05-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തൊഴിലുടമയുടെയും ബന്ധപ്പെട്ട ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും യോഗം നടത്തിയെങ്കിലും മാനേജ്മെന്റിന്റെ നിലപാടിൽ മാറ്റം വരാത്തതിനാൽ ഒത്തുതീർപ്പിലെത്തുവാനും മില്ല് തുറക്കുവാനും കഴിഞ്ഞിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പനിയുടെ സാമ്പത്തിക വിഷമതയാണ് പ്രധാന കാരണം കമ്പനി വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 31-8-2003 വരെയുള്ള സഞ്ചിത നഷ്ടം 617 ലക്ഷം ആണ് എന്ന് മാനേജ്മെന്റ് പറയുന്നു. വേജ് ബില്ല് വളരെ കൂടുതൽ ആണ് എന്നും പ്രൊഡക്ടിവിറ്റി കുറവാണ് എന്നതും ആണ് മറ്റു കാരണങ്ങൾ. വേജ് ബില്ല് കുറവു വരുത്തണമെന്നുള്ള മാനേജ്മെന്റിന്റെ ആവശ്യം അംഗീകരിക്കുവാൻ തൊഴിലാളി സംഘടനകൾ തയ്യാറല്ല. തൊഴിലാളികൾ കൂലിയിൽ കുറവു വരുത്തണം അല്ലെങ്കിൽ ഗ്രാറ്റുവിറ്റി വാങ്ങി പിരിഞ്ഞുപോകണം എന്ന ആവശ്യവും അംഗീകരിക്കുവാൻ തൊഴിലാളികൾ തയ്യാറായിട്ടില്ല. തൊഴിലാളികൾക്കു വേണ്ടി ആകർഷകമായ വി.ആർ.എസ്. പ്രഖ്യാപിക്കണം എന്ന് ഞാൻ നിർദ്ദേശിച്ചെങ്കിലും അത് അംഗീകരിക്കുവാൻ തൊഴിലുടമയും തയ്യാറായിട്ടില്ല.

(സി) 432.

(ഡി) ആനുകൂല്യം ഒന്നും നൽകിയിട്ടില്ല.

## മഞ്ചേരി സിവിൽ സപ്ലൈസ് ഗോഡൗണിലെ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ നടപടി

55 [2827] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി സിവിൽ സപ്ലൈസ് ഗോഡൗണിൽ പണിയില്ലാത്തതുമൂലം തൊഴിലാളികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ-ഡി) മഞ്ചേരി ഡിപ്പോ ഗോഡൗണിലെ തൊഴിലാളികൾ വർദ്ധിച്ച കയറ്റിറക്കുകൂലി ആവശ്യപ്പെട്ടതിനെത്തുടർന്നുണ്ടായ തൊഴിൽ പ്രശ്നം കാരണം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. എന്നാൽ മലപ്പുറം ജില്ലാ ലേബർ ഓഫീസർ ഇടപെട്ട് പ്രശ്നം പരിഹരിച്ചു. അതിനെത്തുടർന്ന് ഇപ്പോൾ സാധാരണ രീതിയിൽ കയറ്റിറക്കു ജോലികൾ നടന്നുവരികയാണ്. നിലവിൽ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly